✎ ടി.കെ ഉബൈദ്



# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 72 – 73

അല്ലാഹു വെച്ചുനീട്ടിയ അമാനത്തിന്റെ ഗൗരവവും ഗാംഭീര്യവും കണ്ട് മനുഷ്യരല്ലാത്ത സകല സൃഷ്ടികളും സംഭീതരായി. ഈ സ്വാതന്ത്ര്യത്തിന്റെ ഭാരം താങ്ങാൻ കഴിയുന്ന ഭൗതിക ശേഷികളോ മാനസിക യോഗ്യതകളോ തങ്ങൾക്കില്ല. പിന്നെങ്ങനെ അല്ലാഹുവിന്റെ അമാനത്ത് ഏറ്റെടുത്ത് പരിപാലിച്ച് നിത്യസ്വർഗം നേടാൻ സാധിക്കും? ഏറ്റെടുത്തിട്ട് അത് പാലിച്ചില്ലെങ്കിലാകട്ടെ നിത്യ നരകമാണ് കാത്തിരിക്കുന്നത്.

إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ
فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَٰنُ ۖ إِنَّهُۥ كَانَ
ظَلُومًا جَهُولًا ﴿٧٢﴾

72. ആകാശഭൂമികൾക്കും പർവതങ്ങൾക്കും നാം ഈ അമാനത്ത് വെച്ചുനീട്ടിയപ്പോൾ അവയൊക്കെയും അത് ഏറ്റെടുക്കാൻ വിസമ്മതിച്ചു. അവയെല്ലാം അതിന്റെ ഗൗരവത്തിൽ സംഭീതരായി. പക്ഷേ, മനുഷ്യൻ അത് ഏറ്റെടുത്തു. അവൻ കൊടിയ അക്രമിയും അവിവേകിയുമായിരിക്കുന്നു.

لِّيُعَذِّبَ ٱللَّهُ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْمُشْرِكِينَ
وَٱلْمُشْرِكَٰتِ وَيَتُوبَ ٱللَّهُ عَلَى ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَكَانَ
ٱللَّهُ غَفُورًا رَّحِيمًا ﴿٧٣﴾

73. അമൂല്യമായ അമാനത്ത് ഏറ്റെടുത്തിട്ട് അത് പാലിക്കാതിരുന്നതിന്റെ ഫലമായി കപടവിശ്വാസികളായ സ്ത്രീപുരുഷന്മാരെയും ബഹുദൈവാരാധകരായ സ്ത്രീപുരുഷന്മാരെയും അല്ലാഹു ശിക്ഷിക്കുന്നു. സത്യവിശ്വാസികളായ സ്ത്രീപുരുഷന്മാരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയും ചെയ്യുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.

### 72,73

إِنَّا عَرَضْنَا = നാം പ്രദർശിപ്പിച്ചു, വെച്ചുനീട്ടി الْأَمَانَةَ = ഈ അമാനത്ത് (ഉത്തരവാദിത്തം)

عَلَى السَّمَاوَاتِ وَالْأَرْضِ = ആകാശഭൂമികൾക്കും وَالْجِبَالِ = പർവതങ്ങൾക്കും

فَأَبَيْنَ = അപ്പോൾ അവ (ഒക്കെയും) വിസമ്മതിച്ചു أَن يَحْمِلْنَهَا = അത് ചുമക്കാൻ (ഏറ്റെടുക്കാൻ)

وَأَشْفَقْنَ مِنْهَا = അവ(യെല്ലാം) അതിനാൽ (അതിന്റെ ഗൗരവത്തിൽ) സംഭീതരായി

وَحَمَلَهَا الْإِنسَانُ = (പക്ഷേ) മനുഷ്യൻ അത് ഏറ്റെടുത്തു

إِنَّهُ كَانَ ظَلُومًا جَهُولًا = അവൻ കൊടിയ അക്രമിയും കൊടിയ അവിവേകിയുമായിരിക്കുന്നു

لِّيُعَذِّبَ اللَّهُ = (അമൂല്യമായ അമാനത്ത് ഏറ്റെടുത്തിട്ട് അത് പാലിക്കാതിരുന്നതിന്റെ ഫലമായി) അല്ലാഹു ശിക്ഷിക്കുന്നതിന് (ശിക്ഷിക്കുന്നു)

الْمُنَافِقِينَ وَالْمُنَافِقَاتِ وَالْمُشْرِكِينَ وَالْمُشْرِكَاتِ = കപടന്മാരെയും കപടകളെയും ബഹുദൈവാരാധകരെയും ബഹുദൈവാരാധകരായ സ്ത്രീകളെയും

وَيَتُوبَ اللَّهُ = അല്ലാഹു പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യുന്നതിന് (യ്യുന്നു)

عَلَى الْمُؤْمِنِينَ وَالْمُؤْمِنَاتِ = സത്യവിശ്വാസികളുടെയും വിശ്വാസിനികളുടെയും

وَكَانَ اللَّهُ غَفُورًا رَّحِيمًا = അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു

ദൈവഭക്തിയും സദ്‌വർത്തമാനവും കർമസംസ്കരണവും ഉദ്ബോധിപ്പിച്ച ശേഷം മഹത്തായ മനുഷ്യാസ്തിത്വത്തിന്റെ അർഥവും ലക്ഷ്യവും, ആ ലക്ഷ്യത്തെ വഞ്ചിക്കുന്നതിന്റെ ദുരന്തഫലവും അതീവ ഗൗരവത്തോടെ ഓർമിപ്പിച്ചുകൊണ്ട് സൂറ സമാപിക്കുകയാണ്. വിശദീകരണത്തിലേക്ക് കടക്കും മുമ്പ് സൂക്തങ്ങളിലെ വാക്കുകളുടെ ആശയം വ്യക്തമായി മനസ്സിലാക്കാൻ ശ്രമിക്കാം: عَرْض എന്ന മൂലത്തിൽനിന്നുള്ള ക്രിയയാണ് عَرَضْنَا. അറബിയിൽ عرض -ന് വ്യത്യസ്തമായ നിരവധി അർഥങ്ങളുണ്ട്. പദാർഥത്തെ ആശ്രയിച്ചു മാത്രം നിലനിൽക്കുന്ന ഗുണം (നീളം, വീതി തുടങ്ങിയവ) عَرَض ആകുന്നു. ഭൗതിക വിഭവത്തിനും ഇത് ഉപയോഗിക്കും. عرض الحياة الدّنيا ഭൗതികജീവിതത്തിന്റെ വിഭവങ്ങളാണ്. إِعْرَاض അവഗണനയും വിട്ടുവീഴ്ചയും, اعتراض തടസ്സവാദവും വിമർശനവുമാകുന്നു. عِرْض അഭിമാനം. സ്വീകരിക്കാനും തിരസ്കരിക്കാനും സ്വാതന്ത്ര്യമുള്ള വാഗ്ദാനവും ഓഫറും പ്രദർശനവുമാണ് عَرْض. പ്രചാരണത്തിനും വിൽപനക്കുമായി പ്രദർശിപ്പിക്കപ്പെടുന്ന വസ്തുക്കളെ مَعْرُوضات എന്നു പറയും. പ്രദർശനവേദിയാണ് مَعْرَض. അല്ലാഹു ആകാശഭൂമികൾക്കും പർവതങ്ങൾക്കും അമാനത്ത് ഓഫർ ചെയ്തു എന്നാണ് إِنَّا عَرَضْنَا الْأَمَانَةَ عَلَى السَّمَاوَاتِ وَالْأَرْضِ وَالْجِبَالِയുടെ താൽപര്യം. വിശ്വാസപൂർവം ഒരു വസ്തു സൂക്ഷിക്കാൻ ഏൽപിക്കലും അങ്ങനെ ഏൽപിക്കപ്പെട്ട വസ്തുവും امانة ആകുന്നു. വിശ്വസിച്ചേൽപിക്കപ്പെട്ട വസ്തു യഥാസമയം ഉടമയെ തിരിച്ചേൽപിക്കേണ്ടത് ഏറ്റെടുത്തയാളുടെ അലംഘനീയമായ ധർമമാകുന്നു. ഈ ആശയത്തിൽനിന്ന് അമാനത്തിന് വിശ്വസ്തത, ധർമം, ഉത്തരവാദിത്തം, കൂറ് തുടങ്ങിയ അർഥങ്ങളുണ്ടായി. ഈ സൂക്തത്തിലെ امانة-ന് വിവിധ ഖുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്തമായ ഇരുപതോളം വിവക്ഷകൾ നൽകിയിട്ടുണ്ട്. അവയിൽ ഏറ്റവും പരിഗണനീയമായവ ചുവടെ:

1. ഖിലാഫത്ത് ആണ് അമാനത്ത്. അതായത് ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായി വർത്തിക്കുക എന്ന ധർമം. 2. അമാനത്ത് ഇബാദത്തുല്ലാഹിയാകുന്നു. അല്ലാഹുവിനു വഴിപ്പെട്ടു വാഴ്ന്നുകൊള്ളാം എന്ന പ്രതിജ്ഞയാണത്. 3. ദൈവിക ദീനിനോടുള്ള പ്രതിബദ്ധത. 4. ബുദ്ധിയും ചിന്താശക്തിയും. 5. ഭൂമിയെ സംസ്കരിക്കുക എന്ന ചുമതല. 6. നമസ്കാരം, സകാത്ത്, നോമ്പ് ആദിയായ നിർബന്ധ കർമങ്ങൾ (فرائض). 7. മനുഷ്യനിൽ അർപ്പിതമായ എല്ലാ ധർമങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് അമാനത്ത്. ഈ വിവക്ഷകളിലെല്ലാം പൊതുവായിട്ടുള്ള ഘടകം ഉത്തരവാദിത്തവും സത്യസന്ധതയും കൂറുമാകുന്നു. ഉത്തമ ധർമങ്ങളും അത് പാലിക്കാനുള്ള ഉത്തരവാദിത്തവുമാണ് അല്ലാഹു മനുഷ്യന് ഓഫർ ചെയ്ത അമാനത്ത്. حَمْل-ൽനിന്നുള്ള ക്രിയകളാണ് حمل-യും يحمل-വും. حِمْل ഭാരവും حَمْل വാഹനവുമാണ്. ഗർഭധാരണത്തിന് حَمل എന്നു പറയും. حاملة ഗർഭിണി. ഈ പദാർഥങ്ങൾക്ക് പുറമെ കടമകൾ പോലുള്ള അമൂർത്ത കാര്യങ്ങൾ ഏൽക്കുന്നതിനും അത് നിർവഹിക്കുന്നതിനും കൂടി حمل ഉപയോഗിക്കും. *അൽ ജുമുഅ* 5-ാം സൂക്തത്തിൽ ഭാരം വഹിക്കുന്നതിനും ഉത്തരവാദിത്തം വഹിക്കുന്നതിനും ആ ഉത്തരവാദിത്തം നിർവഹിക്കുന്നതിനും حمل ഉപയോഗിച്ചതായി കാണാം. مَثَلُ الَّذِينَ حُمِّلُوا التَّوْرَاةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ الْحِمَارِ يَحْمِلُ أَسْفَارًا (വിശുദ്ധമായ തൗറാത്ത് വേദഗ്രന്ഥം വഹിപ്പിക്കപ്പെടുകയും എന്നിട്ട് അത് ചുമത്തിയ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാതിരിക്കുകയും ചെയ്തവർ ഗ്രന്ഥം ചുമക്കുന്ന കഴുതയെപ്പോലെയാകുന്നു). ഖിലാഫത്തിന്റെ, അല്ലെങ്കിൽ ഇബാദത്തിന്റെ, അതുമല്ലെങ്കിൽ സ്വതന്ത്രമായ അസ്തിത്വത്തിന്റെ ബാധ്യതകൾ ഏറ്റെടുക്കാൻ മർത്യേതര സൃഷ്ടികളെല്ലാം വിസമ്മതിച്ചു എന്നാണ് فَأَبَيْنَ أَن يَحْمِلْنَهَا എന്ന വാക്കിന് ബഹുഭൂരിപക്ഷം മുഫസ്സിറുകളും അർഥം കൽപിച്ചിട്ടുള്ളത്. ഉത്തരവാദിത്തം യഥാസമയം നിർവഹിക്കാതെ പേറി നടക്കുന്നതിനും حمل ഉപയോഗിക്കുമെന്ന് ഒരഭിപ്രായമുണ്ട്. حمل الدَّيْن കടം യഥാസമയം കൊടുത്തുവീട്ടാതെ പേറി നടക്കലാണ്. അതനുസരിച്ച് أَبَى أَن يَحْمِلْنَهَا എന്നാൽ ഉത്തരവാദിത്തങ്ങൾ യഥാവിധി നിർവഹിക്കാതെ പേറി നടക്കാൻ വിസമ്മതിച്ചു, അഥവാ ആകാശഭൂമികളും പർവതങ്ങളും അല്ലാഹു ഓഫർ ചെയ്ത അമാനത്ത് സ്വീകരിക്കുകയും ഒട്ടും വീഴ്ച വരുത്താതെ യഥാവിധി നിർവഹിക്കുകയും ചെയ്തു എന്നാണ് താൽപര്യം. കനിവിനെയും കാരുണ്യത്തെയും മൃദുലതയെയും കുറിക്കുന്ന شفقة-ൽനിന്നുള്ളതാണ് أشفق. ഇത് 'മിൻ' എന്ന പ്രത്യയത്തോട് ചേരുമ്പോൾ ആ കാര്യത്തിന്റെ മഹത്വവും ഗാംഭീര്യവും ഓർത്ത് അതിനെ സമീപിക്കാൻ ഉത്കണ്ഠയും ഭയവുമുണ്ടാവുകയാണ്. وَحَمَلَهَا الْإِنسَانُ മനുഷ്യൻ അല്ലാഹു വാഗ്ദാനം ചെയ്ത അമാനത്ത് ഏറ്റെടുത്തു, അല്ലെങ്കിൽ ഏറ്റെടുത്തിട്ട് അതിന്റെ നിർവഹണത്തിൽ അക്ഷന്തവ്യമായ വീഴ്ച വരുത്തി. അതുവഴി അവൻ കൊടിയ അധർമിയും അവിവേകിയുമായിത്തീർന്നു. അന്യരുടെ അവകാശം മനഃപൂർവം ഹനിക്കുന്നവനാണ് ظالم. അതിന്റെ ആശയത്തെ തീവ്രമാക്കുന്ന രൂപമാണ് ظلوم. ഇതേ ഉദ്ദേശ്യത്തോടെ جاهل-നെ جهول-ഉം ആക്കുന്നു. جهل അജ്ഞതയും അവിവേകവുമാണ്. തന്റെ ഉത്തരവാദിത്തം എന്തെന്നറിഞ്ഞുകൊണ്ട് അത് ലംഘിക്കു

ന്നവൻ ظلوم ആകുന്നു. ഉത്തരവാദിത്തം മനസ്സിലാക്കുകയോ അതേപ്പറ്റി ചിന്തിക്കുകയോ ചെയ്യാതെ ലംഘിക്കുന്നവനാണ് جهول. അല്ലാഹുവിന്റെ അമാനത്ത് ഏറ്റെടുത്തതുകൊണ്ടല്ല, ഏറ്റെടുത്ത അമാനത്ത് പാലിക്കാതിരുന്നതുകൊണ്ടാണ് മനുഷ്യൻ കൊടിയ അക്രമിയും അവിവേകിയുമാകുന്നത്. സാധാരണയായി ക്രിയക്കു മുന്നിൽ لِ ശബ്ദം ചേർക്കുന്നത് കാരണ സൂചകമായിട്ടാണ്. അതു പ്രകാരം لِيُعَذِّبَ اللَّهُ -ന്റെ അർഥം മനുഷ്യന് ഉത്തരവാദിത്തം നൽകിയതും അല്ലെങ്കിൽ അവൻ അത് ഏറ്റെടുത്തിട്ട് നിർവഹിക്കാതെ അക്രമിയും അവിവേകിയുമായതും അല്ലാഹു അവരെ ശിക്ഷിക്കുന്നതിനു വേണ്ടിയാണ് എന്നായിരിക്കും. അനന്തരഫലത്തെ സൂചിപ്പിക്കാനും لِ ഉപയോഗിക്കും. ഖുർആൻ തന്നെ അങ്ങനെ ഉപയോഗിച്ചിട്ടുണ്ട്. ഉദാ: فَالْتَقَطَهُ آلُ فِرْعَوْنَ لِيَكُونَ لَهُمْ عَدُوًّا وَحَزَنًا ۗ (ഫറവോൻ കുടുംബം ആ ശിശുവിനെ കണ്ടെടുത്തു, ഭാവിയിൽ അവൻ അവർക്ക് വൈരിയും ദുഃഖനിമിത്തവുമാവുകയായിരുന്നു അതിന്റെ ഫലം- *അൽഖസ്വസ്* 8).

ഈ സൂക്തങ്ങൾ മനുഷ്യാസ്തിത്വവുമായി ബന്ധപ്പെട്ട് നടന്നുകഴിഞ്ഞ ഒരു സംഭവത്തിന്റെ യഥാതഥമായ വിവരണമായും ഒരു രൂപകാലങ്കാരമായും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. രണ്ട് വ്യാഖ്യാനത്തെയും സാധൂകരിക്കുന്നതാണ് സൂക്തത്തിലെ വാക്കുകൾ. സംഭവവിവരണമായി പരിഗണിക്കുന്നവർ വിശദീകരിക്കുന്നതിങ്ങനെ: പ്രാപഞ്ചികവസ്തുക്കളെല്ലാം സൃഷ്ടിച്ച ശേഷം അല്ലാഹു അവർക്ക് ഒരു ഓഫർ നൽകി. നിങ്ങൾ ഇപ്പോൾ ഞാൻ നിശ്ചയിച്ച പ്രകൃതിനിയമത്തിൽനിന്ന് അണുഅളവ് വ്യതിചലിക്കാനാവാത്ത, സ്വതന്ത്രമായ അസ്തിത്വമില്ലാത്ത സൃഷ്ടികളാണല്ലോ. ഞാൻ നിങ്ങളെ ഇഛാശക്തിയും വിവേചനശക്തിയും ഇഷ്ടമുള്ളത് സ്വീകരിക്കാനും തിരസ്കരിക്കാനും സ്വാതന്ത്ര്യവുമുള്ള അസ്തിത്വങ്ങളാക്കാം. സ്വാതന്ത്ര്യം അർഥവത്താകുന്നത് ഉത്തരവാദിത്തബദ്ധമാകുമ്പോഴാണ്. ഉത്തരവാദിത്തം സാർഥകമാകുന്നത് അതിന്റെ ലംഘനവും നിർവഹണവും വിരുദ്ധമായ ഫലങ്ങളുളവാക്കുമ്പോഴാണ്. ഞാൻ നിങ്ങൾക്കു മുന്നിൽ സത്യത്തിന്റെയും അസത്യത്തിന്റെയും ധർമത്തിന്റെയും അധർമത്തിന്റെയും നീതിയുടെയും അനീതിയുടെയും വഴികൾ തുറന്നുവെക്കുന്നു. നിങ്ങളുടെ വിവേചനശക്തിയും സ്വാതന്ത്ര്യവുമുപയോഗിച്ച് സത്യത്തിന്റെയും ധർമത്തിന്റെയും നീതിയുടെയും വഴികൾ തിരിച്ചറിഞ്ഞ് അതിലൂടെ സഞ്ചരിക്കുകയാണ് നിങ്ങളുടെ ഉത്തരവാദിത്തം. ഞാൻ നിങ്ങളെ വിശ്വസിച്ചേൽപിക്കുന്ന അമൂല്യമായ അമാനത്താണീ ഉത്തരവാദിത്തം. ഈ അമാനത്ത് സഗൗരവം ഏറ്റെടുക്കുകയും ജാഗ്രതയോടെ പാലിക്കുകയും ചെയ്യുന്നതിന്റെ ഫലം ശാശ്വത സ്വർഗമായിരിക്കും. അമാനത്ത് ഏറ്റെടുത്തിട്ട് പാലിക്കാതിരിക്കാനും നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യമാണ് നിങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ ഫലം നിത്യനരകവുമായിരിക്കും. എന്താ, നിങ്ങൾ എന്റെ അമാനത്ത് ഏറ്റെടുക്കാൻ സന്നദ്ധരാണോ?

അല്ലാഹു വെച്ചുനീട്ടിയ അമാനത്തിന്റെ ഗൗരവവും ഗാംഭീര്യവും കണ്ട് മനുഷ്യരല്ലാത്ത സകല സൃഷ്ടികളും സംഭീതരായി. ഈ സ്വാതന്ത്ര്യത്തിന്റെ ഭാരം താങ്ങാൻ കഴിയുന്ന ഭൗതിക ശേഷികളോ മാനസിക യോഗ്യതകളോ തങ്ങൾക്കില്ല. പിന്നെങ്ങനെ അല്ലാഹുവിന്റെ അമാനത്ത് ഏറ്റെടുത്ത് പരിപാലിച്ച് നിത്യസ്വർഗം നേടാൻ സാധിക്കും? ഏറ്റെടുത്തിട്ട് അത് പാലിച്ചില്ലെങ്കിലാകട്ടെ നിത്യ നരകമാണ് കാത്തിരിക്കുന്നത്. അവയൊക്കെയും പറഞ്ഞു: 'നാഥാ, നീ വെച്ചുനീട്ടുന്ന ഈ ഭാരിച്ച അമാനത്ത് ഏറ്റെടുക്കാൻ ഞങ്ങൾ ഭയപ്പെടുന്നു. ഞങ്ങൾക്ക് ഈ സ്വാതന്ത്ര്യം വേണ്ട. അതിന്റെ അനന്തരഫലമായ സ്വർഗവും വേണ്ട, നരകവും വേണ്ട. നീ നിശ്ചയിച്ചുതന്ന നിയമത്തിൽനിന്നും ധർമത്തിൽനിന്നും വ്യതിചലിക്കാനാവാത്ത അസ്വതന്ത്ര സൃഷ്ടികളായിത്തന്നെ നിലകൊണ്ടാൽ മതി ഞങ്ങൾക്ക്.'

ഇവിടെ ഒരു ചോദ്യമുയരാം. ഗ്രഹണശേഷിയോ സംസാരശേഷിയോ ഇല്ലാത്ത അചേതന വസ്തുക്കളോട് സംസാരിക്കുന്നതെങ്ങനെ? അവക്ക് വല്ല സംസാരവും മനസ്സിലാക്കാനോ മറുപടി പറയാനോ കഴിയുന്നതെങ്ങനെ? ഇവിടെ അചേതന സൃഷ്ടികളോട് സംസാരിക്കുന്നത് മറ്റൊരു സൃഷ്ടിയല്ല, എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ച അല്ലാഹുവാണ്. അല്ലാഹുവിന് തന്റെ ഏതു സൃഷ്ടിയോടും സംസാരിക്കാം. ആരെയും എന്തും കേൾപിക്കാം, ഗ്രഹിപ്പിക്കാം. ആരെക്കൊണ്ടും മറുപടി പറയിക്കുകയും ചെയ്യാം. *സൂറ യാസീൻ* 65-ാം സൂക്തം പറയുന്നു:

الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ وَتُكَلِّمُنَا أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُوا يَكْسِبُونَ ﴿٦٥﴾

(വിചാരണാ നാളിൽ അവരുടെ വായ്കൾ നാം അടച്ചുപൂട്ടുന്നു. ഭൗതിക ജീവിതത്തിൽ അവർ നേടിക്കൊണ്ടിരുന്നതെന്താണെന്ന് അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും കാലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു). *ഫുസ്സിലത്ത്* 20,21 സൂക്തങ്ങളിൽ പറയുന്നു:

حَتَّىٰ إِذَا مَا جَاءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَارُهُمْ وَجُلُودُهُم بِمَا كَانُوا يَعْمَلُونَ ﴿٢٠﴾ وَقَالُوا لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوا أَنطَقَنَا اللَّهُ الَّذِي أَنطَقَ كُلَّ شَيْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾

(അങ്ങനെ എല്ലാവരും എത്തിച്ചേർന്നാൽ ഇഹലോകത്ത് പ്രവർത്തിച്ചിരുന്നതെന്താണെന്ന് അവരുടെ കാതുകളും കണ്ണുകളും ചർമങ്ങളും അവർക്കെതിരെ സാക്ഷിപറയുന്നു. സ്വചർമങ്ങളോട് അവർ ചോദിക്കും: 'നിങ്ങൾ നമുക്കെതിരെ സാക്ഷി പറഞ്ഞതെന്ത്?' അവ പറയും: 'സകല വസ്തുക്കൾക്കും സംസാരശേഷി ഏകിയ അല്ലാഹു ഞങ്ങൾക്കും സംസാരശേഷി ഏകി.' അവനാണ് നിങ്ങളെ ആദ്യം സൃഷ്ടിച്ചത്. അവങ്കലേക്കു തന്നെ മടക്കപ്പെടുകയും ചെയ്യുന്നു).

ലോകാരംഭം മുതൽ ലോകാവസാനം വരെ അന്യൂനം നിലനിൽക്കുന്ന വാനഗോളങ്ങളും ഭൂഗോളവും അതിലെ മഹാ പർവതങ്ങളും ഏറ്റെടുക്കാൻ താൽപര്യപ്പെടാതിരുന്ന അമാനത്ത് ആ സൃഷ്ടികളെയപേക്ഷിച്ച് നന്നേ ചെറിയവനും ക്ഷണിക കാലം മാത്രം നിലനിൽക്കുന്നവനുമായ മനുഷ്യൻ ഏറ്റെടുത്തു. ഈ ഏറ്റെടുക്കൽ അവന്റെ അതിക്രമമോ അവിവേകമോ ആയിരുന്നില്ല. അവന്റെ മഹത്വത്തിന്റെയും പ്രകൃതിപരമായ ഗുണങ്ങളുടെയും താൽപര്യമായിരുന്നു. മനുഷ്യന്റെ സർഗാത്മകത, ബൗദ്ധിക പ്രതിഭ, വൈകാരികാനുഭൂതികൾ, അതുല്യമായ പ്രവർത്തനക്ഷമതയുള്ള ശരീരഘടന ഇതൊക്കെയും അല്ലാഹുവിന്റെ അമാനത്ത് ഏറ്റെടുക്കാൻ അവനെ പര്യാപ്തനാക്കുകയും അത് ഏറ്റെടുത്ത് പരിപാലിക്കുന്നതിലൂടെ ശോഭനമായ ഭാവിയിലേക്ക് പ്രയാണം ചെയ്യാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. തന്റെ അമാനത്ത് ഏറ്റെടുക്കുന്നതിനു വേണ്ടിത്തന്നെയാണ് അതിവിശിഷ്ടമായ ഘടനയിലും സ്വഭാവത്തിലും അല്ലാഹു അവനെ സൃഷ്ടിച്ചതും.

മനുഷ്യാസ്തിത്വത്തിന്റെ മഹത്വവും ഉത്തരവാദിത്തവും മനോഹരമായ ഒരു രൂപകാലങ്കാരത്തിലൂടെ വർണിക്കുന്നതായി ഈ സൂക്തങ്ങളെ വീക്ഷിക്കുന്നവരുടെ വ്യാഖ്യാനം ഇങ്ങനെ: ഉത്തരവാദിത്തബദ്ധമായ സ്വാതന്ത്ര്യമാകുന്നു മനുഷ്യാസ്തിത്വത്തിന്റെ കാതൽ. അതിമഹത്തരവും അതീവ ഗുരുതരവുമായ ഈ മാനുഷിക ഗുണമാകുന്നു അല്ലാഹു അവനെ ഏൽപിച്ച അമാനത്ത്. വാനലോകത്തെ മഹാഗോളങ്ങൾ, ഭൂമി, അതിലെ മഹാ പർവതങ്ങൾ തുടങ്ങിയ വൻകിട സൃഷ്ടികൾക്കൊന്നും വഹിക്കാനാവാത്ത മഹാ ഭാരം. ഇപ്പറഞ്ഞ സൃഷ്ടികളേക്കാൾ പിണ്ഡം കൊണ്ട് എത്രയോ നിസ്സാരനായ മനുഷ്യന് ഈ മഹാഭാരം ഏറ്റെടുക്കാൻ കഴിഞ്ഞു. കാരണം പ്രസ്തുത സൃഷ്ടികൾക്കൊന്നുമില്ലാത്ത ബുദ്ധി, വിവേചന ശക്തി, സർഗാത്മകത, വിശിഷ്ടമായ ശരീര ഘടന തുടങ്ങിയ യോഗ്യതകളാൽ അനുഗൃഹീതനാണവൻ. അല്ലാഹുവിന്റെ അമാനത്ത് ഏറ്റെടുത്ത മനുഷ്യരിൽ അധിക പേരും അതിന്റെ മഹത്വത്തെ മാനിക്കുകയോ ഉത്തരവാദിത്തം നിർവഹിക്കുകയോ ചെയ്യാതെ അക്രമികളും അവിവേകികളുമായി വർത്തിക്കുകയാണ്. കുറച്ചാളുകൾ മാത്രമേ തങ്ങളേറ്റെടുത്ത അമാനത്തിനെ മാനിക്കുന്നുള്ളൂ. 7:172-ൽ

وَإِذْ أَخَذَ رَبُّكَ مِن بَنِي آدَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا بَلَىٰ ۛ

(മനുഷ്യപുത്രന്മാരെ അവരുടെ പിതാക്കളുടെ മുതുകുകളിൽനിന്ന് പുറത്തെടുത്ത് തങ്ങളുടെ മേൽ സ്വയം സാക്ഷികളാക്കിക്കൊണ്ട് ചോദിച്ചതോർക്കുക; ഞാനല്ലയോ നിങ്ങളുടെ റബ്ബ്. അവർ പറഞ്ഞു: തീർച്ചയായും അതേ) എന്ന് പ്രസ്താവിക്കുന്നതും ഇവിടെ അമാനത്ത് ഏൽപിച്ചുവെന്നു പറഞ്ഞതുപോലുള്ള ആലങ്കാരിക വർണനയാണ്. 59:21 സൂക്തമാണ് മറ്റൊരു ഉദാഹരണം:

لَوْ أَنزَلْنَا هَٰذَا الْقُرْآنَ عَلَىٰ جَبَلٍ لَّرَأَيْتَهُ خَاشِعًا مُّتَصَدِّعًا مِّنْ خَشْيَةِ اللَّهِ ۚ وَتِلْكَ الْأَمْثَالُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ﴿٢١﴾

(നാം ഒരു പർവതത്തിന്മേൽ ഈ ഖുർആൻ ഇറക്കിയിരുന്നുവെങ്കിൽ അത് ദൈവഭയത്താൽ വിഹ്വലമായി പൊട്ടിത്തകരുന്നത് നിനക്കു കാണാമായിരുന്നു. നാം ഇത്തരം ഉദാഹരണങ്ങളവതരിപ്പിക്കുന്നത് ജനം ചിന്തിച്ചു മനസ്സിലാക്കുന്നതിനു വേണ്ടിയാകുന്നു). പർവതങ്ങൾക്ക് ഖുർആൻ ഇറക്കുക എന്നതും അതു ലഭിക്കുന്ന പർവതങ്ങൾ പൊട്ടിത്തകരുക എന്നതും മനുഷ്യർ അവരുടെ അസ്തിത്വത്തിന്റെ യാഥാർഥ്യം ചിന്തിച്ചറിയുന്നതിനു വേണ്ടി അവതരിപ്പിക്കുന്ന ഉദാഹരണങ്ങളാണെന്ന് ഈ സൂക്തം തന്നെ പ്രസ്താവിച്ചിരിക്കുന്നു.

അല്ലാഹുവിന്റെ അമാനത്ത് പാലിക്കുന്നതിൽ ജഡികാസക്തികളും പൈശാചിക പ്രചോദനങ്ങളും അധിക ജനത്തെയും അശ്രദ്ധരാക്കുന്നു. ഈ അമാനത്തിനെ വഞ്ചിക്കുന്നവരാണ് കപട വിശ്വാസികളും സത്യനിഷേധികളും. അവർക്കു വേണ്ടി നിത്യനരകം ഒരുക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ അമാനത്ത് കഴിവിൻപടി പാലിക്കാൻ പരിശ്രമിക്കുന്ന മനുഷ്യരുമുണ്ട്. അവർക്ക് അക്കാര്യത്തിൽ ചെറുതും വലുതുമായ വീഴ്ചകൾ സംഭവിക്കാം. വീഴ്ചകളെക്കുറിച്ച് ബോധവാന്മാരാകുമ്പോൾ അവർ പശ്ചാത്തപിക്കുകയും ശരിയായ നിലപാടിലേക്ക് മടങ്ങുകയും ചെയ്യും. അവരാണ് സത്യവിശ്വാസികൾ. അല്ലാഹു അവരുടെ വീഴ്ചകൾ മാപ്പാക്കുകയും മടക്കവും പശ്ചാത്താപവും കൈക്കൊള്ളുകയും ചെയ്യുന്നു. ഏറെ പൊറുത്തുകൊടുക്കുന്ന കരുണാമയനാണല്ലാഹു. ഇതാണ് وَيَتُوبَ اللَّهُ........ رَّحِيمًا എന്ന വാക്യത്തിന്റെ താൽപര്യം. അല്ലാഹുവിനോടുള്ള ഉത്തരവാദിത്തം അടിസ്ഥാനപരമായി ഏറ്റെടുത്ത സത്യവിശ്വാസികളിൽനിന്ന് അതിന്റെ നിർവഹണത്തിൽ വീഴ്ചകൾ സംഭവിക്കുക മനുഷ്യസഹജമാണ്. കാരണം ധിക്കാരവും അവിവേകവും അവന്റെ പ്രകൃതിയുടെ ഭാഗമാണല്ലോ. إِنَّهُ كَانَ ظَلُومًا جَهُولًا എന്ന വാക്യത്തിന്റെ താൽപര്യം, അമാനത്ത് ഏറ്റെടുത്ത ശേഷം അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാതെ അക്രമിയും അവിവേകിയുമായി വർത്തിക്കുന്നു എന്നാകാം. അവിവേകവും അതിക്രമവും മനുഷ്യന്റെ നൈസർഗികമായ സ്വഭാവങ്ങളിൽ പെട്ടതാകയാൽ ഉത്തരവാദിത്ത നിർവഹണത്തിൽ വീഴ്ച വരുത്തുന്നു എന്നുമാകാം.

മൂന്നാമതൊരു വ്യാഖ്യാനം ഇപ്രകാരമാണ്: അല്ലാഹു സകല സൃഷ്ടികൾക്കും അവയുടെ ഘടനക്കും യോഗ്യതക്കും യോജിച്ച അമാനത്തുകൾ നൽകി. അവയെല്ലാം തങ്ങൾക്ക് ലഭിച്ച അമാനത്ത് പൂർത്തീകരിക്കാതെ പേറി നടക്കുന്നത് അത്യന്തം ഭയപ്പെട്ടു. അതിനാൽ ഒരുവക വീഴ്ചയും വരുത്താതെ യഥാവിധി പാലിച്ചുകൊണ്ടിരിക്കുന്നു. أَفَغَيْرَ دِينِ اللَّهِ يَبْغُونَ وَلَهُ أَسْلَمَ مَن فِي السَّمَاوَاتِ وَالْأَرْضِ (അവർ അല്ലാഹുവിന്റേതല്ലാത്ത ധർമത്തെ തേടുകയാണോ, ആകാശഭൂമികളിലുള്ളതൊക്കെയും അവനെ മാത്രം അനുസരിച്ചുകൊണ്ടിരിക്കെ-3:83). لَّهُ مَا فِي السَّمَاوَاتِ وَالْأَرْضِ ۖ كُلٌّ لَّهُ قَانِتُونَ (ആകാശഭൂമികളിലുള്ള സകല ചരാചരങ്ങളും അല്ലാഹുവിന്റേതാകുന്നു. എല്ലാം അവനെ മാത്രം വണങ്ങിക്കൊണ്ടിരിക്കുന്നു-2:116). ധർമബോധവും ധർമധ്വംസന പ്രവണതയും ഒരുമിച്ചുകൂട്ടപ്പെട്ട മനസ്സിനുടമയാണ് മനുഷ്യൻ: وَنَفْسٍ وَمَا سَوَّاهَا ﴿٧﴾ فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا ﴿٨﴾ (ആത്മാവാണ, അതിനെ സന്തുലിതമാക്കിയവനാണ, എന്നിട്ട് ധർമാധർമങ്ങൾ ബോധനം ചെയ്തവനാണ-91:7,8). മനുഷ്യന് അല്ലാഹു നൽകിയത് അവന്റെ യോഗ്യതകൾക്ക് യോജിച്ച അമാനത്താണ്. ധിക്കാരവും അവിവേകവും സഹജമായിട്ടുള്ള മനുഷ്യരിൽ വലിയൊരു വിഭാഗം അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ കൂട്ടാക്കുന്നില്ല. ചെറിയൊരു വിഭാഗം ധിക്കാരത്തിൽനിന്നും അവിവേകത്തിൽനിന്നും അകന്ന് അല്ലാഹുവിന്റെ അമാനത്തിന്റെ താൽപര്യങ്ങളിലേക്ക് മടങ്ങുന്നു. ആദ്യ വിഭാഗം നേരിടേണ്ടിവരുന്ന അനന്തരഫലം നിത്യനരകമാണ്. രണ്ടാമത്തെ വിഭാഗത്തിന് ലഭിക്കുന്നത് നിത്യസ്വർഗവും.

ഈ വ്യാഖ്യാനങ്ങളിൽ ഏറ്റവും പ്രബലമായത് ഒന്നാമത്തേതാണ്. രണ്ടാം സ്ഥാനത്ത് രണ്ടാമത്തേതും. മൂന്നാം സ്ഥാനത്ത് മൂന്നാമത്തേത് നിൽക്കുന്നു. മൂന്ന് വ്യാഖ്യാനങ്ങൾക്കും ഖുർആനികമായ സാധൂകരണമുണ്ട്. വ്യാഖ്യാനങ്ങൾ തമ്മിൽ വ്യത്യാസമുള്ളത് അവതരണത്തിന്റെ സ്വഭാവം സംബന്ധിച്ചാണ്. സാരാംശത്തിൽ ഭിന്നതയില്ല. മനുഷ്യാസ്തിത്വത്തിന്റെ മഹത്വവും അതുൾക്കൊള്ളുന്ന ഗുരുതരമായ ഉത്തരവാദിത്തവുമാണ് മൂന്നിന്റെയും കാതൽ.

(സൂറ *അൽ അഹ്സാബി*ന്റെ ബോധനം ഇവിടെ അവസാനിക്കുന്നു. ഖുർആനിലെ വിശദീകരിക്കാൻ പ്രയാസമേറിയ സൂറകളിലൊന്നാണ് *അൽ അഹ്സാബ്*. ഇതിലെ ഗഹനവും സങ്കീർണവുമായ വിഷയങ്ങൾ ഈയുള്ളവന്റെ അറിവിന്റെയും കഴിവിന്റെയും പരിമിതിക്കകത്തു നിന്നുകൊണ്ട് വിശദീകരിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അബദ്ധങ്ങൾ സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ സർവജ്ഞനും കരുണാവാരിധിയുമായ അല്ലാഹു പൊറുത്തുതരുമാറാകട്ടെ-ആമീൻ). ●